# സ്നേഹനാളം

( ജോളി എം പടയാറ്റിൽ)

വിശ്വംനിറയും സ്നേഹമാണീശ്വൻ
സ്നേഹംനിറയുംമനംവെളിച്ചമേകിടും
സ്നേഹനാളങ്ങളണയാതെകാത്തിടുകിൽ
പുലർകാലതാരകങ്ങളേക്കാൾശോഭയേകും.

സ്നേഹഭാഷയിൽ തർക്കങ്ങളില്ല
ഭീകരവാദങ്ങളില്ല ജാതിമതചിന്തകളില്ല
വർഗവർണവൈര്യങ്ങളില്ല
ഞാനെന്നഭാവവുമില്ല.

സ്നേഹനാളത്തിൽ യുക്തിയും ബുധിയും
സിധിയും ജ്ഞാനവും ലയിച്ചിടുമ്പോൾ
കൃപാസാഗരമാം അഭൗമശിൽപിയെ
മുഖാമുഖംദർശച്ചിടും.

ഈശ്വര ചിന്തയിൽലയിച്ചിടുംമനുഷ്യർ
തീവ്രവാദികളല്ലെങ്കിലും
സ്നേഹശൂന്യമാംമനസുകൾ
വികൃതമാക്കിടുംലോകം.

ഹൃദയാന്തരങ്ങളിൽ സാത്താനെ പുജിച്ച്
ദേവാലയങ്ങളിൽ അഭിനവഭക്തരായി
അധികാരംപങ്കിടുന്നി
കരുണനിലാവില്ലാത്തദുഷ്ടജൻമങ്ങൾ.

ആന്തരികലോകംനരകമാക്കി ബാഹ്യലോകം
സ്വർഗമാക്കാൻതത്രപ്പെടുന്നവർ
ആൾക്കൂട്ടസംഗമങ്ങളിൽ
വൈരത്തിൻ വിഷംദംശിച്ചിടും

സദാചാരസങ്കല്പങ്ങളാംവ്യർഥതയിൽ
ജീവിക്കുംമനുഷ്യർ
സ്ത്രീയെവരുതിക്കുനിർത്താൻ വിടരുംമുമ്പേ

പിഞ്ചുപൈതലിനെചേലാകർമംചെയ്തിടുന്നു.
അവളുടെയുള്ളിലെനീററല്കാണാത്ത
ആണധികാരത്തിൻകാടത്തം
പ്രാകൃതസംസ്കാരത്തിൻ ശുംഭൻമാരിവർ
പ്രാകൃതസംസ്കാരത്തിൻ ശുംഭൻമാർ .

പ്രക്ഷുപ്തമാംജീവിതസാഗരത്തിൽ
സൗഹൃദഗ്രാമസംസ്കാരംമറന്ന്
കപടനാഗരികതയെപുൽകിയവരിന്നു
ഓർമകളാംഅലയൊതുങ്ങുമ്പോൾ
കാലത്തിൻ ഇഴപിരിച്ചെടുക്കാനാവാതെ
ആൻമീയദാഹശമനത്തിനായി നെട്ടോട്ടമോടി
കപടാൻമീയവാദികളിലഭയംതേടിടുന്നു.

പ്രപഞ്ചമാം വിദ്യാലയത്തിൽ
സ്നേഹത്യാഗസഹനകർമങ്ങളാൽ
ജീവിതംനയിക്കുന്നവർ
സ്നേഹത്തിൻസുഗന്ധമായി
ഈശ്വരോദ്യാനത്തിൽ
ദിവ്യകുസുമങ്ങളായി ശോഭിച്ചിടും.